<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **3480** **20.06.2019-** ൽ മറുപടിക്ക്

**റീബിൽഡ് കേരള ഇനീഷ്യേറ്റീവിൻെറ പ്രവർത്തനങ്ങൾക്കായി ഓഫീസ് കെട്ടിടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>,, പി.കെ.അബ്ദു റബ്ബ്<br>,, പി.ഉബൈദുള്ള<br>,, എൻ .എ.നെല്ലിക്കുന്ന് : | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) റീബിൽഡ് കേരള ഇനീഷ്യേറ്റീവിൻെറ പ്രവർത്തനത്തിനായി ഓഫീസ് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിൽ വളരെ പരിമിതമായ സൗകര്യത്തിലാണ്.<br>പതിനായിരം കോടിയിലേറെ രൂപയുടെ പദ്ധതികൾക്ക് ചുക്കാൻ പിടിക്കേണ്ട സ്ഥാപനമാണിത്. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിനു വേണ്ട സാങ്കേതിക - പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് സെക്രട്ടേറിയറ്റിലോ പുറത്തുള്ള സർക്കാർ കെട്ടിടങ്ങളിലോ സ്ഥലം ലഭ്യമല്ലെന്ന് ബന്ധപ്പെട്ട വകുപ്പുകൾ അറിയിച്ചതിന്റെ പശ്ചാത്തലത്തിൽ സെക്രട്ടേറിയറ്റിനു തൊട്ടടുത്തുതന്നെയുള്ള Calsar Heather Tower എന്ന കെട്ടിടത്തിന്റെ ഒന്നാം |

| | |
|---|---|
| | നിലയിൽ പുതിയ ഓഫീസിനായി സ്ഥലം കണ്ടെത്തുകയും ചീഫ് സെക്രട്ടറി അധ്യക്ഷനായ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്- ഉന്നതാധികാരസമിതി (HLEC) ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇതിനായുള്ള തുടർനടപടികൾ സ്വീകരിക്കുകയും കെട്ടിട ഉടമയുമായി വാടക കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) അനധികൃതമായ നിർമ്മാണത്തിന് നടപടി നേരിടുന്ന കെട്ടിടമാണ് ഓഫീസ് പ്രവർത്തനത്തിനായി കണ്ടെത്തിയിട്ടുള്ളതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനിടയാക്കിയ സാഹചര്യം വിശദമാക്കുമോ; | (ബി) അനധികൃതമായ നിർമ്മാണത്തിന് നടപടി നേരിടുന്ന കെട്ടിടമാണ് ഓഫീസ് പ്രവർത്തനത്തിനായി കണ്ടെത്തിയിട്ടുള്ളതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, കൈവശാവകാശം തുടങ്ങിയവ സംബന്ധിച്ച എല്ലാ രേഖകളും പരിശോധിക്കുകയും നിയമപരമായി ശരിയാണെന്നു ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.കെ.വി. മാത്യൂ, മിത്രം ലെയ്ൻ, പരുത്തിപ്പാറ, മുട്ടട എന്നയാളിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം വാടകയ്ക്ക് എടുത്തിട്ടുള്ളത്. |
| (സി) ഈ കെട്ടിടത്തിന് നിശ്ചയിച്ച പ്രതിമാസവാടകയും പ്രസ്തുത ഓഫീസ് ഒരുക്കിയതിന് സർക്കാരിന് ഉണ്ടായ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) ഒരു ചതുരശ്ര അടിക്ക് 50 രൂപ എന്ന നിരക്കിലാണ് (ആകെ 2973 ചതുരശ്ര അടി) പ്രതിമാസവാടക നിശ്ചയിച്ചിട്ടുള്ളത്.<br>ഓഫീസ് ഒരുക്കുന്നതിനായി നിലവിൽ പണം ചെലവഴിച്ചിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ പ്രോജക്ട് മാനേജ് മെന്റ് |

കൺസൽട്ടന്റ് ആയി നിയമിച്ചുകൊണ്ട് ഓഫീസ് സജ്ജമാക്കൽ പ്രവൃത്തികൾക്ക് 88.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ച് ടെണ്ടറിംഗ് ഘട്ടത്തിലേ യഥാർഥ ചെലവ് വ്യക്തമാകുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**